"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഗ്രാമവികസന വകുപ്പിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറായ ശ്രീ.കെ.ഇ.വിനോദ് കുമാറിന് പത്ര-ദൃശ്യമാദ്ധ്യമങ്ങളിൽ പരിപാടികൾ അവതരിപ്പിക്കുന്നതിനും, വൈജ്ഞാനിക ലേഖനങ്ങൾ എഴുതുന്നതിനും അനുമതി നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം. 633/2020/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 16.03.2020.**

---

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 29.01.2020-ലെ 32/എസ്റ്റാ.എ1/2020/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഗ്രാമവികസന വകുപ്പിൽ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറായി സേവനമനുഷ്ഠിക്കുന്ന ശ്രീ.കെ.ഇ.വിനോദ് കുമാറിന് പത്ര-ദൃശ്യമാദ്ധ്യമങ്ങളിൽ പരിപാടികൾ അവതരിപ്പിക്കുന്നതിനും, വൈജ്ഞാനിക ലേഖനങ്ങൾ എഴുതുന്നതിനും അനുമതി നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമവികസന വകുപ്പിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറായ ശ്രീ.കെ.ഇ.വിനോദ് കുമാറിന് 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48, 62, 63 എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി പത്ര-ദൃശ്യമാദ്ധ്യമങ്ങളിൽ പരിപാടികൾ അവതരിപ്പിക്കുന്നതിനും, വൈജ്ഞാനിക ലേഖനങ്ങൾ എഴുതുന്നതിനും അനുമതി നല്കിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പ്രീത കെ.എസ്.**

**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ.കെ.ഇ.വിനോദ് കുമാർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ
(ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ